# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2257:** **26/03/2013- ൽ മറുപടിക്ക്**

## സംരംഭകത്വ സഹായ പദ്ധതിയുടെ വിശദാംശങ്ങൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. വി. ശശി :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംരംഭകത്വ സഹായ പദ്ധതി (ഇ.എസ്.എസ്) യുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) | സംരംഭകത്വ സഹായ പദ്ധതി 28/12/2012- ലെ ജി.ഒ. (എം.എസ്) നം. 156/2012/വ്യവ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 15 ശതമാനം സഹായമായി ലഭിക്കുന്നു. പരമാവധി 20 ലക്ഷം രൂപാ വരെ ലഭിക്കും. എന്നാൽ വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, യുവാക്കൾ എന്നിവർക്ക് 20% വും പരമാവധി 30 ലക്ഷം രൂപയുമാണ് സഹായമായി ലഭിക്കുക. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾക്കും പിന്നാക്ക ജില്ലയിലെ സംരംഭങ്ങൾക്കും, പുതിയ സാങ്കേതിക വിദ്യ പ്രയോഗിക്കുന്ന യൂണിറ്റുകൾക്കും 10 % പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്സിഡി ലഭിക്കുന്നതാണ്.<br><br>സംരംഭകത്വ സഹായ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം മൂന്ന് ഘട്ടങ്ങളായിട്ടാണ് നൽകുന്നത്. സംരംഭം ആരംഭിക്കുന്നതിന് മുമ്പ് ഇടങ്ങാനുള്ള സഹായം- പരമാവധി മൂന്ന് ലക്ഷം രൂപ വരെയും ഇടങ്ങിയ യൂണിറ്റുകൾക്ക് നിക്ഷേപ സഹായമായി 20 ലക്ഷം രൂപ വരെയും ടെക്നോളജി സപ്പോർട്ടായി പരമാവധി 10 ലക്ഷം രൂപ വരെയും സഹായം ലഭിക്കും. |
| (ബി) | ഇ.എസ്.എസ്. പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എവിടെയെല്ലാം സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ? | (ബി) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവിടങ്ങളിലാണ് അപേക്ഷ സ്വീകരിക്കുന്നത്. ഇടങ്ങാനുള്ള സഹായം പൂർണ്ണമായും വിതരണം ചെയ്യുന്നത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ആണ്. നിക്ഷേപ സഹായവും, സാങ്കേതിക |

| | | | |
|---|---|---|---|
| | | | സഹായവും അനുവദിക്കുന്നത് ജില്ലാ തലത്തിലുള്ള ഒരു കമ്മിറ്റിയാണ്. ജില്ലാ കളക്ടർ ആണ് ഇതിന്റെ ചെയർമാൻ. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ഇതിന്റെ മെമ്പർ സെക്രട്ടറിയായിരിക്കും. ലീഡ് ജില്ലാ ബാങ്ക് മാനേജർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഈ കമ്മിറ്റിയിൽ ഉണ്ടായിരിക്കും. രണ്ട് കോടി രൂപ സ്ഥിര നിക്ഷേപം വരെയുള്ള യൂണിറ്റുകൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത് ജില്ലാ തല കമ്മിറ്റിയാണ്. അതിന് മുകളിൽ ഉള്ളവ പരിഗണിക്കുന്നത് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയാണ്. ധനവകുപ്പ്, കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി എന്നിവയുടെ പ്രതിനിധികൾ ഇതിൽ ഉണ്ടാകും. വ്യവസായ വാണിജ്യ ഡയറക്ടർ ആണ് ഇതിന്റെ ചെയർമാൻ. വ്യവസായ വകുപ്പിലെ അഡീഷണൽ ഡയറക്ടർ മെമ്പർ സെക്രട്ടറിയാണ്.<br><br>അപേക്ഷയോടൊപ്പം ആവശ്യമായ ഫീസ് അടയ്ക്കണം. പൊതു വിഭാഗത്തിന് 1000/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 500 രൂപയുമാണ് നിലവിലെ ഫീസ്. 2013 ജൂൺ മുതൽ ഓൺലൈൻ ആയിട്ടും അപേക്ഷകൾ നൽകാൻ കഴിയും. |

സെക്ഷൻ ഓഫീസർ